## Uncorrected / Not for Publication

(സഭ രാവിലെ 10.55–ന് വീണ്ടും സമ്മേളിച്ചു)

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഇതിൽ നഗ്നമായ അഴിമതിയാണ്. യാതൊരു കോമ്പ്രമൈസും സാധ്യമല്ല. അതനുസരിച്ച് അങ്ങ് നടപടികൾ കൈകാര്യം ചെയ്യുമെന്ന് ആശിക്കുന്നു.

മി. സ്പീക്കർ: ഈ സഭയിൽ ഇപ്പോഴുണ്ടായ വിഷയത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഭരണകക്ഷി നേതാക്കന്മാരോടും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും ഘടകകക്ഷി നേതാക്കന്മാരോടുമെല്ലാം സംസാരിച്ചുവെങ്കിലും ദൗർഭാഗ്യവശാൽ ഒരു മീറ്റിംഗ് പോയിന്റിലെത്താൻ കഴിഞ്ഞില്ല. ഇന്ന് സഭയുടെ അവസാന ദിവസമാണ്. റൈറ്റ് ടു സർവ്വീസ് ബിൽ ഉൾപ്പെടെയുള്ള വളരെ പ്രധാനപ്പെട്ട ബില്ലുകൾ സബ്ജക്ട് കമ്മിറ്റി ക് മടങ്ങിവന്ന ദിവസമാണ്. അതെല്ലാം ചർച്ച ചെയ്ത് തീരുമാനിക്കപ്പെടേണ്ട ബില്ലുകളാണ്. പക്ഷെ അതൊക്കെ കഴിയാതെ വന്നു. അതുകൊണ്ട് ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും ക്യാൻസൽ ചെയ്യുന്നു. 51 സബ്മിഷനുകളാണ് ഇന്നുണ്ടായിരുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 51 സബ്മിഷനുകളും ജനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. അത് ഇവിടെ അവതരിപ്പിക്കാനുള്ള അവസരമില്ലായെങ്കിൽ അതിന്റെ മറുപടി മെമ്പർമാർക്ക് കൊടുക്കണമെന്ന് നിർദ്ദേശിച്ചാൽ മന്ത്രിമാർ എല്ലാ മെമ്പർമാർക്കും ഇതിന് മറുപടി എത്തിച്ചു കൊടുക്കുന്നതായിരിക്കും.

മി. സ്പീക്കർ: ജനകീയ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ഇവിടെ അവതരിപ്പിക്കപ്പെടേണ്ടിയിരുന്ന 51 സബ്മിഷനുകളുടെയും മറുപടി ബന്ധപ്പെട്ട മന്ത്രിമാർ ഈ അംഗങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതായിരിക്കും.

### മേശപ്പുറത്തു വച്ച കടലാസ്സുകൾ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പതിമൂന്നാം കേരള നിയമസഭയുടെ രാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5921, 5927 അഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 14

എന്നിവയ്ക്കുള്ള മറുപടിയും യഥാസമയം മറുപടി ലഭ്യമാക്കാത്തതിനുള്ള കാരണം കാണിക്കുന്ന ചട്ടം 47(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV- ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ 2011–2012 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് ചട്ടം 236(6) പ്രകാരം ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ഡയറക്ടറേറ്റ് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽസിന്റെ 2011–2012 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് ചട്ടം 236(6) പ്രകാരം ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## റിപ്പോർട്ട് സമർപ്പണം

### 1. സബ്ജക്ട് കമ്മിറ്റി I-ന്റെ 2011–2012 -ലെ ധനാഭ്യർത്ഥനകളുടെ ഒന്നാമത് റിപ്പോർട്ട്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2011–2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

### 2. സബ്ജക്ട് കമ്മിറ്റി VI-ന്റെ കരട് സ്പോർട്സ് നയം 2012 സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ

കരട് സ്പോർട്സ് നയം 2012 സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് സമർപ്പിക്കുന്നു.

3. <u>സബ്ജക്ട് കമ്മിറ്റി XI-ന്റെ 2011–2012 –ലെ ധനാഭ്യർത്ഥനകളുടെ ഒന്നാമത് റിപ്പോർ</u>ട്ട്

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. അനൂപ് ജേക്കബ്</u>): സർ, ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2011–2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

4. <u>സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ആറും ഏഴും റിപ്പോർട്ടുകൾ</u>

<u>ശ്രീ. എം. ഉമ്മർ</u>: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ആറും ഏഴും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

<u>സ്റ്റാറ്റ്യൂട്ടറി പ്രമേയം</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. ശിവകുമാർ)</u>: സർ, കേന്ദ്ര സർക്കാർ പാസ്സാക്കിയ Transplantation of Human Organs Act, 1994 സംസ്ഥാനത്ത് ബാധകമാക്കിക്കൊ് ഈ സഭ 8–8–1995-ൽ പ്രമേയം പാസ്സാക്കിയിട്ടു്. പ്രസ്തുത ആക്ടിൽ ചില ഭേദഗതി കൾ വരുത്തിക്കൊ് 12–8–2011-ൽ ലോകസഭയും 26–8–2011-ൽ രാജ്യസഭയും Transplantation of Human Organs Act, 1994 ഭേദഗതി ബിൽ പാസ്സാക്കുകയും കേന്ദ്ര സർക്കാർ രാഷ്ട്രപതിയുടെ അംഗീകാരത്തോടുകൂടി 28–9–2011-ലെ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടു്. ഭേദഗതി ചെയ്ത നിയമങ്ങൾ സംസ്ഥാനത്ത് ബാധകമാക്കുന്നതിന് സംസ്ഥാന നിയമ സഭയിൽ അടിയന്തരമായ ഒരു പ്രമേയം അവതരിപ്പിച്ച് പാസ്സാക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു. ഭരണഘടനയുടെ 252-ാം അനുച്ഛേദം

1–ാം ഖണ്ഡിക പ്രകാരം കേരള നിയമസഭ 1994– ലെ ആക്ട് സ്വീകരിച്ചിട്ടുള്ള തിനാലും 2011–ലെ ഭേദഗതി ബില്ലിന് രാഷ്ട്രപതി അംഗീകാരം നൽകുകയും ചെയ്തിട്ടുള്ളതിനാലും പ്രസ്തുത ഭേദഗതി ഈ സഭയിൽ അംഗീകരിക്കാവു ന്നതാണ്. ഇതിനായുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

അനുകൂലിക്കുന്നവർ ................

പ്രതികൂലിക്കുന്നവർ ...................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

(നിയമനിർമ്മാണം)